# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2599 — 19.12.2012 ൽ മറുപടിയ്ക്ക്**

## പറമ്പിക്കുളം-ആളിയാർ നദീജല കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനതല നദീജലക്കരാർ അനുസരിച്ച് പറമ്പിക്കുളം - ആളിയാറിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം ലഭ്യമാക്കുന്നതുവഴി പാലക്കാട് ജില്ലയിലെ നെൽകൃഷിയെ വരൾച്ചയിൽ നിന്നും കൃഷിനാശത്തിൽ നിന്നും സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | എ) | പറമ്പിക്കുളം - ആളിയാറിൽ പദ്ധതികരാർ പ്രകാരം നിയോഗിച്ച സംയുക്ത ജല ക്രമീകരണ ബോർഡ് തീരുമാനമനുസരിച്ചാണ് കേരളത്തിന് ജലം ലഭ്യമാക്കുന്നത്. 16.12.2012 മുതൽ 31.1.2013 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് ലഭ്യമാകേണ്ട ജലം തുലാവർഷത്തിന്റെ ലഭ്യത കൂടി കണക്കിലെടുത്ത് പിന്നീട് തീരുമാനിക്കാമെന്നായിരുന്നു 16.12.2012 ലെ ബോർഡ് യോഗത്തിലെ ധാരണ. എന്നാൽ തുലാ വർഷം തികച്ചും പരാജയമായിരുന്നു. ഈ സാഹചര്യത്തിൽ 2012 ഡിസംബർ 16 നു ശേഷം ജലദൗർലഭ്യം ഉണ്ടാകാനും അതിന്റെ ഫലമായി ചിറ്റൂർ താലൂക്കിലെ കൃഷിയെ ബാധിക്കാനും സാധ്യതയുണ്ടെന്ന വിവരം മനസ്സിലാക്കി, 16.12.2012 മുതൽ 31.1.2013 വരെയുള്ള കാലയളവിൽ പി.എ.പി. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട 1750 Mcft ജലം നൽകാൻ തമിഴ്നാടിനോടാവശ്യപ്പെട്ടു കൊണ്ട് 19.11.2012 നും 03.12.2012 നും കേരളത്തിന്റെ അന്തർ സംസ്ഥാന നദീജല വിഷയങ്ങളുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയർ, തമിഴ്നാട് ചീഫ് എഞ്ചിനീയർക്ക് കത്തുകളയച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ പ്രശ്ന പരിഹാരത്തിനായി സംയുക്ത ജല ക്രമീകരണ ബോർഡിന്റെ ഒരു അടിയന്തിര യോഗം കൂടുന്നതിനായുള്ള സൗകര്യം ഉടനടി അറിയിക്കാൻ തമിഴ്നാട് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഡിസംബർ II FN (ദ്വൈവാരം) മുതൽ ജനുവരി II FN (ദ്വൈവാരം) വരെയുള്ള കാലയളവിൽ 600 Mcft. ജലം തരാനേ നിർവാഹമുള്ളൂ എന്നും ഡാമുകളിലെ ജല സംഭരണം ഉയരുന്ന പക്ഷം ഈ അളവ് |

| | | |
|---|---|---|
| | | പുനഃപരിശോധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ സംയുക്ത ജല ക്രമീകരണ ബോർഡിന്റെ ഒരു അസാധാരണ യോഗം ഫെബ്രുവരി ആദ്യ വാരം കൂടാം എന്നും അറിയിച്ചിട്ടുണ്ട്. കേരളത്തിന് പി.എ.പി കരാർ പ്രകാരം അർഹതപ്പെട്ട ജലം ലഭ്യമാക്കമെന്ന് ആവശ്യപ്പെട്ട് കേരള സർക്കാരിന്റെ ജല വിഭവ പ്രിൻസിപ്പൽ സെക്രട്ടറി തമിഴ്നാടിന്റെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്കും കേരള ജലവിഭവ വകുപ്പ് മന്ത്രി, തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്കും ഇക്കാര്യത്തിൽ അടിയന്തിര നടപടി ആവശ്യപ്പെട്ട് കത്തുകൾ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കരാർ പ്രകാരം എത്ര ടി.എം.സി.വെള്ളം ലഭിക്കാൻ സംസ്ഥാനത്തിന് അർഹതയുണ്ട്; ഇതിൽ എത്ര ടി.എം.സി ലഭിക്കുന്നുണ്ട്; എത്ര ലഭ്യമാക്കേണ്ടതുണ്ട്; വ്യക്തമാക്കുമോ; | (ബി | പി.എ.പി കരാർ പ്രകാരം കേരളത്തിലെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7250 ദശലക്ഷം ഘനയടി (ഉപയോഗ യോഗ്യമല്ലാത്ത പ്രളയജലമൊഴികെ) ജലം മണക്കടവ് വെയറിൽ ലഭ്യമാക്കേണ്ടതാണ്. ചാലക്കുടി നദീ തടത്തിൽ നിന്നും ഓരോ വർഷവും 12300 Mcft ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർ ഹൗസിൽ അളന്ന് പുറത്ത് വിടേണ്ടതാണ്. ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമിന്റെയും വൃഷ്ടിപ്രദേശത്തുള്ള ജലവും ഒരുമിച്ച് കണക്കാക്കി 16500 ദശലക്ഷം ഘനയടിയിൽ അധികമായി വരുന്ന 2500 ദശലക്ഷം ഘനയടി ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും വിടേണ്ടതാണ്. പെരിയാർ നദീതടത്തിലെ നീരാർ വെയറിൽ നിന്നുള്ള ജലെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. |
| (സി) പാലക്കാട് ജില്ലയുടെ കൃഷി സംരക്ഷണത്തിനായി കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിൽ തമിഴ്നാട് സർക്കാർ വിമുഖത കാണിക്കുവാനുള്ള കാരണം എന്ത്; | (സി) | പി.എ.പി.യിലെ ഡാമുകളിലെ ഇപ്പോഴത്തെ ജലസംഭരണം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ കുറവാണെന്നതും തുലാവർഷം തികഞ്ഞ പരാജയമാണെന്നും വാദിച്ചു കൊണ്ടാണ് തമിഴ്നാട് ജലം ലഭ്യമാക്കാതിരിക്കുന്നത്. |
| (ഡി) തമിഴ്നാട് കേരളത്തിന് ലഭ്യമാക്കേണ്ട ജലം ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ ഇടപെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല |

| | | |
|---|---|---|
| (ഇ) ഇല്ലെങ്കിൽ കേന്ദ്ര സർക്കാരിനെ ഇടപെടുത്തി സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജലം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;<br>(എഫ്) കരാർ പ്രകാരമുള്ള ജലം തമിഴ്നാട് സർക്കാർ നൽകാതിരിക്കുന്നതിനാൽ ഇത് അന്തർ സംസ്ഥാന കരാർ ലംഘനമായി കണക്കാക്കി അതിനു വേണ്ട അടിയന്തിര നിയമനടപടികൾ സ്വീകരിക്കുമോ;<br>(ജി) എങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഇ, എഫ് & ജി) | സംസ്ഥാന സർക്കാർ തലത്തിൽ തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ എടുത്തു വരുന്നു. ഇക്കാര്യത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. |
| (എച്ച്)പാലക്കാട് ജില്ല കൃഷി നാശത്തിലേക്ക് നീങ്ങുന്നതിനാൽ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി പാലക്കാടിനെ വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ഐ)ഇല്ലെങ്കിൽ ഇതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ? | (എച്ച് & ഐ) | പാലക്കാട് ജില്ലയെ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ